പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1586 11.02.2013- ലെ മറുപടി

## പ്രവാസി മലയാളികൾക്കായി പുനരധിവാസ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറയം ഗോപകുമാർ : | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) വിദേശത്തുനിന്നും മടങ്ങിയെത്തുന്ന പ്രവാസി മലയാളികളുടെ പുനരധിവാസത്തിനായി പുതിയ പദ്ധതി ആവിഷ്കരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; | (എ) ആലോചിക്കുന്നുണ്ട്. |
| (ബി) നോർക്ക റൂട്ട്സുമായി ബന്ധപ്പെട്ട് മടങ്ങിയെത്തുന്ന പ്രവാസികൾക്കായി പുനരധിവാസ പദ്ധതികൾ നിലവിലുണ്ടോ ; | (ബി) പരിഗണനയിലാണ്. |
| (സി) പുനരധിവാസ പദ്ധതി പരിഗണനയിലുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) തിരികെയെത്തിയ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസി മലയാളികൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യമായ ധനസഹായവും ലഭ്യമാക്കുന്നതിന് വേണ്ടി ഒരു സഹായകകേന്ദ്രമായി പ്രവർത്തിച്ച് വിജയകരമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് മൂലധന/പലിശ സബ്സിഡി വഴി സർക്കാർ സഹായം ലഭ്യമാക്കുന്നതിനായി പ്രവാസി പുനരധിവാസ പദ്ധതി കെ.എഫ്.സി, സിഡ്കോ, എസ്.ബി.റ്റി മറ്റു പൊതുമേഖല ബാങ്കുകൾ എന്നീ സ്ഥാപനങ്ങൾ മുഖേന നടപ്പിൽ വരുത്തുന്നതിനാണുദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ